LIBRARY ARCHIVES Kerala Legislative Assembly

പോക്കുവരവ് സംബന്ധിച്ച സർക്കുലർ

171(3093) ശ്രീ. എം. വി. ശ്രേയാംസ് കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ആധാര പ്രകാരമുള്ള അധിക ഭൂമി പോക്കുവരവ് ചെയ്യുന്നതിന് അധിക വസ്തുവിന്റെ വില ഈടാക്കണമെന്ന് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ടോ ; ഉണ്ടെങ്കിൽ ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കാമോ ; പ്രസ്തുത ഉത്തരവിന് മുൻകാല പ്രാബല്യമുണ്ടോ ;

(ബി) ഉത്തരവിന്റെ തീയതിക്ക് മുമ്പ് ആധാരം രജിസ്റ്റർ ചെയ്ത് പോക്കുവരവിന് അപേക്ഷ സമർപ്പിച്ച സംഗതികളിൽ ഉത്തരവ് ബാധകമാക്കിയിട്ടുണ്ടോ ;

(സി) ഉണ്ടെങ്കിൽ നികുതിക്ക് മുൻകാല പ്രാബല്യം നൽകിയത് ക്രമപ്രകാരമാണോ യെന്ന് വ്യക്തമാക്കുമോ ;

(ഡി) റീസർവ്വേ നടപടികൾ പൂർത്തിയാക്കി നിരാക്ഷേപം കരമടച്ചുവരുന്ന വസ്തുക്കൾക്ക് മേൽപ്പറഞ്ഞ ഉത്തരവ് ബാധകമാക്കിയിട്ടുണ്ടോ ?

ഉത്തരം

(എ) ഇപ്രകാരം ഒരു ഉത്തരവ് പുറപ്പെടുവിച്ചിട്ടില്ല.

(ബി-ഡി) ബാധകമല്ല.

അമ്പലപ്പുഴ നിയോജകമണ്ഡലത്തിലെ ഭൂരഹിതരില്ലാത്ത കേരളം പദ്ധതി

172(3094) ശ്രീ. ജി. സുധാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) അമ്പലപ്പുഴ നിയോജകമണ്ഡലത്തിൽ നിന്നും ഭൂരഹിതരില്ലാത്ത കേരളം പദ്ധതിപ്രകാരം ആനുകൂല്യം ലഭിക്കുന്നതിന് എത്ര അപേക്ഷകൾ ലഭിച്ചിരുന്നു ;

(ബി) പ്രസ്തുത അപേക്ഷകരിൽ നിന്നും ഭൂരഹിതരില്ലാത്ത കേരളം പദ്ധതി പ്രകാരം ആനുകൂല്യത്തിന് അർഹരായവരുടെ പട്ടികയ്ക്ക് രൂപം നൽകിയിട്ടുണ്ടോ ; ഉണ്ടെങ്കിൽ പട്ടികയുടെ പകർപ്പ് ലഭ്യമാക്കുമോ ;

(സി) പ്രസ്തുത പദ്ധതിപ്രകാരം നിയോജകമണ്ഡലത്തിൽ ഭൂമി ലഭിച്ചവരുടെ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ ?

*ലൈബ്രറിയിൽവച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ഭൂരഹിതരില്ലാത്ത കേരളം പദ്ധതിയിൽ നിയമസഭാ മണ്ഡലം തിരിച്ച് ലിസ്റ്റ് തയ്യാറാക്കിയിട്ടില്ല. അമ്പലപ്പുഴ നിയോജകമണ്ഡലം ഉൾപ്പെട്ടുവരുന്ന അമ്പലപ്പുഴ താലൂക്കിൽ 7495 അപേക്ഷകൾ ലഭിച്ചിരുന്നു. 1-2-2014 മുതൽ 31-3-2014 വരെ അപേക്ഷ നൽകാൻ വീണ്ടും അവസരം നൽകിയതിനെ തുടർന്ന് 477 അപേക്ഷകൾ കൂടി ലഭിച്ചിട്ടുണ്ട്.

(ബി) ഒന്നാംഘട്ടമായി ലഭ്യമായിരുന്ന 7495 അപേക്ഷകളിൽനിന്നും 7236 കുടുംബങ്ങളെ പദ്ധതിയുടെ ഗുണഭോക്താക്കളായി തെരഞ്ഞെടുത്ത ലിസ്റ്റ് www.zerolandless.kerala.gov.in എന്ന വെബ്സൈറ്റിൽ ലഭ്യമാണ്. രണ്ടാം ഘട്ടമായി ലഭിച്ച 477 അപേക്ഷകളിൽനിന്നും ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുന്ന നടപടികൾ പുരോഗമിച്ചുവരുന്നു.

(സി) അമ്പലപ്പുഴ താലൂക്കിലെ ഗുണഭോക്താക്കളുടെ മുൻഗണനാ ലിസ്റ്റിൽനിന്ന് 19 പേർക്ക് ഒന്നാംഘട്ടമായി ഭൂമി നൽകിയിട്ടുണ്ട്. ലിസ്റ്റ് അനുബന്ധമായി ചേർക്കുന്നു.*

ചിറയിൻകീഴ് താലൂക്ക് ഓഫീസ് ജീവനക്കാരുടെ ടൂർ ടി.എ മാറിയെടുത്ത വിവരം.

173(3095) ശ്രീമതി ഇ. എസ്. ബിജിമോൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ചിറയിൻകീഴ് താലൂക്ക് ഓഫീസിലെ ജീവനക്കാരുടെ 5/09 മുതൽ 8/10 വരെയുള്ള ടൂർ. റ്റി.എ അലോട്ട്മെന്റ് ഉണ്ടായിട്ടും യഥാസമയം മാറി നൽകാതെ, താലൂക്കിലെ ജീവനക്കാർ മാത്രം റ്റി.എ മാറിയെടുത്ത വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) മുൻഗണനാക്രമം തെറ്റിച്ച് റ്റി.എ മാറ്റിയെടുക്കുന്നതിന് ഉത്തരവ് നൽകിയിട്ടുണ്ടോ ; എങ്കിൽ കോപ്പി ലഭ്യമാക്കുമോ ; ഇല്ലെങ്കിൽ കുറ്റക്കാരുടെ പേരിൽ നടപടി കൈക്കൊള്ളുമോ ;

(സി) റ്റി.എ സംബന്ധിച്ച് തിരുവനന്തപുരം കളക്ടറേറ്റ്, റവന്യൂ കമ്മീഷണറേറ്റ്, ഗവൺമെന്റ് സെക്രട്ടേറിയേറ്റ് എന്നിവിടങ്ങളിൽ ഫയൽ ഉണ്ടായിരുന്നിട്ടും ചിറയിൻകീഴ് താലൂക്കിൽ യഥാസമയം നടപടി കൈക്കൊള്ളാത്തത് എന്തുകൊണ്ടെന്ന് വിശദീകരിക്കുമോ ;

*ലൈബ്രറിയിൽവച്ചിട്ടുണ്ട്.